# 18.08.2014 ലെ കൗൺസിലിന്റെ പ്രത്യേക യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു പ്രത്യേക യോഗം ചെയർപേഴ്സൺ ശ്രീമതി. ടി.വി. സുലൈഖാബിയുടെ അധ്യക്ഷതയിൽ 2.30 മണിക്ക് ആരംഭിച്ചു. യോഗത്തിൽ കൗൺസിലർ ശ്രീ. കെ. കെ. നാസർ (ലീവ്) ഒഴികെ മറ്റു കൗൺസിലർമാരും, സെക്രട്ടറി, മറ്റു ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തിരുന്നു.

## 1. A2-13897/12

കോട്ടക്കൽ നഗരസഭയുടെ 2011-12, 2012-13 വർഷങ്ങളിലെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് ചർച്ച ചെയ്യുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** നഗരകാര്യ വകുപ്പ് ഉത്തരമേഖല ജോയിന്റ് ഡയറക്ടറുടെ 24/4/2014 തീയതിയിലെ F1475/14 നമ്പർ ഓഡിറ്റ് റിപ്പോർട്ട് 30/7/2014ന് ഈ നഗരസഭയിൽ ലഭിച്ചിട്ടുള്ളതാണ്.

## തീരുമാനം

നഗരകാര്യ വകുപ്പ് ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ 24/4/2014ലെ F1475/14 നമ്പർ പ്രകാരമുള്ള നഗരസഭയുടെ 2011-12. 2012-13 വർഷങ്ങളിലെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് കൗൺസിൽ വിശദമായി ചർച്ച് ചെയ്തു. ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രാഥമിക മറുപടി തയ്യാറാക്കി RJD ക്ക് അയച്ചുകൊടുക്കുന്നതിന് തീരുമാനിച്ചു.

## 2. A2-12903/14

ലോക്കൽഫണ്ട് ഓഡിറ്റിന്റെ 2011-12 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 17 അപാകതകൾ ചൂണ്ടികാണിച്ചിട്ടുള്ള നഗരകാര്യ ഡയറക്ടറുടെ 01/07/2014 തീയതിയിലെ F2/10533/2013 നമ്പർ കത്ത് കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** 17 അപാകതകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും കൈകൊണ്ട നടപടികൾ നഗരകാര്യ ഡയറക്ടറെ 1 മാസത്തിനകം അറിയിക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്.

## തീരുമാനം

വായിച്ചു റിക്കാർഡാക്കി ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ 2011-12 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് നിർവ്വഹണം സംബന്ധിച്ച 17 അപാകതകൾ കൗൺസിൽ ചർച്ച ചെയ്തു. ഇത്തരം അപാകതകൾ സംഭവിക്കാതിരക്കാൻ ശ്രദ്ധിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എഞ്ചിനീയറിംഗ് വിഭാഗം) നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

## 3. A2-7562/13

കോട്ടക്കൽ നഗരസഭയുടെ 1997-1998 വർഷം മുതൽ 2009-10 വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ്, AG ഓഡിറ്റ്, പെർഫോർമൻസ് ഓഡിറ്റ്, സ്റ്റോർ പർച്ചേയ്സ് ഓഡിറ്റ് എന്നിവയിലെ തീർപ്പാക്കാൻ അവശേഷിക്കുന്ന പാരകൾ തീർപ്പാക്കുന്നത് ചർച്ച ചെയ്യുന്നത് സംബന്ധിച്ച്.

## തീരുമാനം

1997-1998 വർഷം മുതൽ 2009-10 വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ്, AG ഓഡിറ്റ്, പെർഫോർമൻസ് ഓഡിറ്റ്, സ്റ്റോർ പർച്ചേയ്സ് ഓഡിറ്റ് എന്നിവയിലെ തീർപ്പാക്കാൻ അവശേഷിക്കുന്ന പാരകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

(യോഗം 3.15 മണിക്ക് അവസാനിച്ചു. )

(ഒപ്പ്)
**ചെയർപേഴ്സൺ,**
**കോട്ടക്കൽ നഗരസഭ.**